സൂറഃ-7

# അൽ അഅ്റാഫ്

199. പ്രവാചകൻ വിട്ടുവീഴ്ച കൈക്കൊള്ളുക. ധർമം കൽപിക്കുക. അവിവേകികളെ അവഗണിക്കുക.
200. ചെകുത്താൻ പ്രകോപിപ്പിക്കുന്നുവെങ്കിൽ അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

خُذِ ٱلْعَفْوَ وَأْمُرْ بِٱلْعُرْفِ وَأَعْرِضْ عَنِ ٱلْجَٰهِلِينَ (١٩٩)

وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيْطَٰنِ نَزْغٌ فَٱسْتَعِذْ بِٱللَّهِ ۚ إِنَّهُۥ سَمِيعٌ عَلِيمٌ (٢٠٠)

خُذِ = നീ (പ്രവാചകൻ) സ്വീകരിക്കുക, കൈക്കൊള്ളുക ٱلْعَفْوَ = വിട്ടുവീഴ്ച, സൗമനസ്യം, മാപ്പ് وَأْمُرْ = നീ കൽപിക്കുക
بِٱلْعُرْفِ = നന്മ, ധർമം وَأَعْرِضْ = അവഗണിക്കുകയും, പിന്തിരിയുകയും ചെയ്യുക
عَنِ ٱلْجَٰهِلِينَ = അജ്ഞന്മാരിൽനിന്ന് (അവിവേകികളെ) وَإِمَّا يَنزَغَنَّكَ = നിന്നെ പ്രകോപിപ്പിച്ചാൽ, പ്രചോദിപ്പിച്ചാൽ
مِنَ ٱلشَّيْطَٰنِ = ചെകുത്താ(ൻ)നിൽനിന്ന് نَزْغٌ = ഒരു പ്രകോപനം, പ്രചോദനം فَٱسْتَعِذْ بِٱللَّهِ = അല്ലാഹുവിൽ നീ ശരണം തേടുക
إِنَّهُۥ = തീർച്ചയായും അവൻ سَمِيعٌ = എല്ലാം കേൾക്കുന്നവനാകുന്നു عَلِيمٌ = എല്ലാം അറിയുന്നവനുമാകുന്നു

**199:** മുൻ സൂക്തങ്ങളിൽ കൃത്രിമദൈവങ്ങളുടെ നിരർഥകത വിവരിച്ചപ്പോൾ അവയുടെ ഏറ്റവും വലിയകുറവ് ആരാധകർക്ക് മാർഗദർശനം നൽകാനോ അവരെ ആപത്തുകളിൽനിന്ന് രക്ഷിക്കാനോ അവർക്ക് കഴിവില്ല എന്നും അതു രണ്ടിനും കഴിവുള്ളവൻ അല്ലാഹുവാണെന്നും ഈ ഖുർആൻ അവൻ നൽകുന്ന മാർഗദർശനമാണെന്നും വ്യക്തമാക്കിയല്ലോ. അല്ലാഹു നൽകുന്ന അടിസ്ഥാനപരമായ ചില മാർഗദർശനങ്ങളാണ് തുടർന്നു പറയുന്നത്.

ഇവിടെ സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും അനുശാസനം എല്ലാ മുസ്‌ലിംകളോടുമാണ്. 201-ാം സൂക്തത്തിലെ إِنَّ ٱلَّذِينَ ٱتَّقَوْا۟ (യഥാർഥ ദൈവഭക്തന്മാർ) എന്ന വാക്കിൽനിന്ന് അക്കാര്യം വ്യക്തമാകുന്നു. ദീനിന്റെ മൂന്ന് അടിസ്ഥാനാധ്യാപനങ്ങളാണ് ഈ സൂക്തം നൽകുന്നത്. വിശ്വാസതത്ത്വങ്ങൾ പ്രതിപാദിച്ചതിന്റെ തൊട്ടുടനെ അവയുടെ പരാമർശം വന്നതിൽനിന്നുതന്നെ ഈ തത്ത്വങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. ഇസ്‌ലാമിന്റെ മറ്റെല്ലാ വിധിവിലക്കുകളും ഈ മൂന്നു കാര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടാണ് ഇമാം ജഅ്ഫർ സ്വാദിഖ് ഈ സൂക്തത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞത്: ''ഉന്നതധർമങ്ങളെ ഇത്രത്തോളം ഉൾക്കൊള്ളുന്ന മറ്റൊരു സൂക്തം ഖുർആനിലില്ല.'' അബ്ദുല്ലാഹിബ്നു സുബൈർ പറഞ്ഞു: ''അല്ലാഹുവാണ, സാമൂഹിക ധർമങ്ങളെ കുറിച്ചുതന്നെയാണ് അല്ലാഹു ഈ സൂക്തം അവതരിപ്പിച്ചിട്ടുള്ളത്.''

ആളുകളോട് വിട്ടുവീഴ്ചയോടെ പെരുമാറുക എന്നതാണ് ഒന്നാമത്തേത്. خُذِ ٱلْعَفْوَ എന്നാണ് മൂലവാക്യം. **عفو** എന്ന പദത്തിന്റെ അർഥം *ഖുർആൻ ബോധനം* നേരത്തേ സൂറഃ *ആലുഇംറാൻ* 134-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഒരടിസ്ഥാന സാമൂഹികധർമം എന്ന നിലയിലാണ് ഇവിടെ **عفو** പരാമർശിക്കുന്നത്. മറ്റുള്ളവരുമായി സ്നേഹവും സൗഹൃദവും പങ്കുവെച്ചുകൊണ്ട് സമൂഹത്തിൽ ജീവിക്കുക. മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ മറക്കുകയും പൊറുക്കുകയും കടുംപിടിത്തവും കാർക്കശ്യവുമില്ലാതെ പെരുമാറുകയും അവകാശങ്ങളിൽ വിട്ടുവീഴ്ച ചെയ്യുകയും മയത്തിൽ സംസാരിക്കുകയും ചെയ്യുക. സന്തുഷ്ടവും സമാധാനപരവുമായ സാമൂഹിക ജീവിതത്തിന്റെ അടിത്തറയാണിത്. ഒരു വിട്ടുവീഴ്ചക്കും തയാറില്ലാത്ത രണ്ടു വ്യക്തികളെ സങ്കൽപിച്ചുനോക്കുക; അത് ദമ്പതികളാവട്ടെ, സഹോദരങ്ങളാവട്ടെ, പിതാവും പുത്രനുമാവട്ടെ അവരുടെ ജീവിതം സദാ സംഘർഷഭരിതമായിരിക്കും.

സമൂഹം മുഴുവൻ ഇത്തരം വ്യക്തികളുടെ കൂട്ടമായാലുള്ള അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. അതിനാൽ വിട്ടുവീഴ്ചാസ്വഭാവത്തെ ഇസ്‌ലാം അതിന്റെ അനുയായികളുടെ അടിസ്ഥാന ഗുണങ്ങളിലൊന്നായി നിർദേശിച്ചിരിക്കുന്നു. സൂറഃ *ആലുഇംറാൻ* 134-ാം സൂക്തത്തിൽ യഥാർഥ ദൈവഭക്തന്മാരുടെ ഗുണങ്ങൾ വിവരിച്ചപ്പോൾ സുപ്രധാനമായ ഒരു ഗുണമായി പറഞ്ഞിരിക്കുന്നത് وَٱلۡعَافِينَ عَنِ ٱلنَّاسِۗ – 'ആളുകളോട് വിട്ടുവീഴ്ച കാണിക്കുന്നവർ' 'അവരുടെ തെറ്റുകുറ്റങ്ങൾ പൊറുക്കുന്നവർ' എന്നാണ്. സൗമ്യശീലം അല്ലാഹു പ്രവാചകന്നരുളിയ മഹിത ഗുണമായും അതേ സൂറഃ 159-ാം സൂക്തത്തിൽ പ്രസ്താവിക്കുന്നുണ്ട്:

فَبِمَا رَحۡمَةٖ مِّنَ ٱللَّهِ لِنتَ لَهُمۡۖ وَلَوۡ كُنتَ فَظًّا غَلِيظَ ٱلۡقَلۡبِ لَٱنفَضُّواْ مِنۡ حَوۡلِكَۖ

(അല്ലാഹുവിന്റെ അനുഗ്രഹത്താലാകുന്നു നീ ജനങ്ങളോട് സൗമ്യശീലനായത്. കഠിനഹൃദയനും പരുഷപ്രകൃതനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റുനിന്നും അവരെല്ലാം പിരിഞ്ഞുപോകുമായിരുന്നു). ആളുകളോട് വിട്ടുവീഴ്ചയോടെ വർത്തിക്കണമെന്ന് നബി(സ) ശിഷ്യന്മാരോട് ഉപദേശിക്കാറുണ്ടായിരുന്നു: بشروا ولا تنفروا يسروا ولا تعسّروا (നിങ്ങൾ ആളുകളെ സന്തോഷിപ്പിക്കുക, വെറുപ്പിക്കരുത്. അവർക്ക് എളുപ്പമുണ്ടാക്കിക്കൊടുക്കുക, ക്ലേശിപ്പിക്കരുത്). ഒരിക്കൽ തിരുമേനി(സ) പ്രസ്താവിച്ചു: എന്റെ നാഥൻ എന്നോട് കൽപച്ചിരിക്കുന്നു: സന്താപത്തിലും സന്തോഷത്തിലും നീതിപൂർവം സംസാരിക്കുക. നിന്നോട് ബന്ധം മുറിച്ചവനോട് നീ ബന്ധം പുലർത്തുക. നിന്റെ അവകാശം നിഷേധിച്ചവന് നീ അവകാശം വകവെച്ചുകൊടുക്കുക. നിന്നോട് അന്യായം പ്രവർത്തിച്ചവന് മാപ്പു നൽകുക."

ധർമപ്രബോധന – **أمر بالمعروف** – ആണ് രണ്ടാമത്തെ അടിസ്ഥാന ധർമം. ഇസ്‌ലാമിക സമൂഹത്തിന്റെ ലക്ഷ്യമായും ഖുർആൻ ഈ കർത്തവ്യത്തെ പല സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുണ്ട്: ഉദാ:

وَلۡتَكُن مِّنكُمۡ أُمَّةٞ يَدۡعُونَ إِلَى ٱلۡخَيۡرِ وَيَأۡمُرُونَ بِٱلۡمَعۡرُوفِ

(നന്മയിലേക്ക് ക്ഷണിക്കുകയും ധർമം കൽപിക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളാലുണ്ടായിത്തീരട്ടെ – 3:104).

كُنتُمۡ خَيۡرَ أُمَّةٍ أُخۡرِجَتۡ لِلنَّاسِ تَأۡمُرُونَ بِٱلۡمَعۡرُوفِ وَتَنۡهَوۡنَ عَنِ ٱلۡمُنكَرِ

(ജനങ്ങൾക്കുവേണ്ടി എഴുന്നേൽപിക്കപ്പെട്ട ഉത്തമസമൂഹമാകുന്നു നിങ്ങൾ. നിങ്ങൾ ധർമം കൽപിക്കുന്നു. അധർമം വിലക്കുന്നു – 3:110).

ഇവിടെ **العرف** എന്നുപയോഗിച്ചിരിക്കുന്നത് **المعروف** എന്നതിനു പകരമാണ്. **عرف**-ൽനിന്നുത്ഭവിച്ചതാണ് **معروف**. രണ്ടിന്റെയും അർഥം ഏറക്കുറെ ഒന്നുതന്നെ. **معروف** – ന്റെ അർഥം *ഖുർആൻ ബോധനം* 3:104 സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഒരു സാമൂഹിക ധർമമെന്ന നിലയിൽ **أمر بالمعروف** സാമൂഹിക ജീവിതത്തിന്റെ സുഗമമായ നിലനിൽപിന്റെ അടിസ്ഥാനോപാധിയാണ്. *സൂറഃ അൽ അസ്്റിൽ* ഖുർആൻ അതിങ്ങനെ വ്യക്തമാക്കിയിരിക്കുന്നു:

وَٱلۡعَصۡرِ ١ إِنَّ ٱلۡإِنسَٰنَ لَفِي خُسۡرٍ ٢ إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَتَوَاصَوۡاْ بِٱلۡحَقِّ وَتَوَاصَوۡاْ بِٱلصَّبۡرِ ٣

(കാലമാണ, മനുഷ്യൻ നഷ്ടത്തിലാകുന്നു. സത്യം അംഗീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും സത്യവും സഹനവും പരസ്പരമുപദേശിക്കുകയും ചെയ്തവരൊഴിച്ച്). വൈകല്യമില്ലാത്ത മനുഷ്യപ്രകൃതി പൊതുവിൽ നല്ലതെന്നംഗീകരിക്കുന്ന എല്ലാ കാര്യങ്ങളും **معروف** ആണ്. നല്ല കാര്യങ്ങൾ പരസ്പരം പറഞ്ഞുകൊടുക്കേണ്ടതും സ്വന്തം ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും സ്ഥാപിക്കാൻ ശ്രമിക്കേണ്ടതും വ്യക്തിപരവും സാമൂഹികവുമായ കടമയാകുന്നു. നന്മയെ പിന്തുണച്ചുകൊണ്ടുള്ള അഭിപ്രായപ്രകടനവും സദുപദേശവും പ്രഭാഷണവും പ്രസിദ്ധീകരണങ്ങളും മാത്രമല്ല ഇതിന്റെ കീഴിൽ വരുന്നത്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മുതൽ നീതിന്യായ സ്ഥാപനങ്ങൾവരെ അതുൾക്കൊള്ളുന്നുണ്ട്.

അല്ലാഹുവിന്റെ ഏകത്വത്തെയും പരമമായ അധികാരാവകാശങ്ങളെയും അംഗീകരിക്കുക മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ ധർമമാകുന്നു. മറ്റു ധർമങ്ങളുടെ അടിത്തറയുമാണത്. അതുകൊണ്ട് തൗഹീദിന്റെ പ്രബോധനം ഏറ്റവും പ്രധാനമായ ധർമപ്രചാരണ – **أمر بالمعروف** – മാകുന്നു. പിന്നെ പ്രധാനം അല്ലാഹു അവന്റെ വേദത്തിലൂടെയും റസൂലിന്റെ ചര്യയിലൂടെയും അവതരിപ്പിച്ച ധർമശാസനങ്ങളാണ്. പിന്നെ അവ രണ്ടിലുമില്ലെങ്കിലും അവക്കെതിരാവാത്തതും സാമാന്യബുദ്ധി താൽപര്യപ്പെടുന്നതുമായ കാര്യങ്ങൾ.

അവിവേകികളെ അവഗണിക്കുക – أَعۡرِضۡ عَنِ ٱلۡجَٰهِلِينَ – ആണ് മൂന്നാമത്തേത്. *إعراض* –ൽനിന്നുള്ള കൽപനാ ക്രിയയാണ് *أعرض*. ഒരു കാര്യം കാണാതിരിക്കാൻ മുഖംതിരിക്കുക എന്നാണ് *إعراض* –ന്റെ ഭാഷാർഥം. **العارض**–ന് കവിൾ എന്നർഥമുണ്ട്. സ്വീകരിക്കാതിരിക്കുക, പ്രോത്സാഹിപ്പിക്കാതിരിക്കുക, പ്രതികരിക്കാതിരിക്കുക എന്നാണ് ഇവിടെ ഉദ്ദേശ്യം. അജ്ഞൻ എന്നർഥമുള്ള **جاهل** ന്റെ ബഹുവചനമാണ് **جاهلين**. മൂഢൻ, അവിവേകി എന്നീ അർഥങ്ങളിലും ഇതുപയോഗിക്കും. അറിവും ബുദ്ധിയും ധാരാളമുണ്ടെങ്കിലും നടപടികൾ വിവേകശൂന്യമായവനെയും **جاهل** എന്നു പറയും. എല്ലാ അർഥത്തിലുമുള്ള ജാഹിലുകളും ഇവിടെ ഉദ്ദേശ്യമാകുന്നു. അറിവില്ലാത്തവരുടെയും വിഡ്ഢികളുടെയും അവിവേകികളുടെയും നടപടികളിൽ പങ്കുചേരുകയോ പ്രതികരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുത് എന്നാണ് أَعۡرِضۡ عَنِ ٱلۡجَٰهِلِينَ എന്നതിന്റെ താൽപര്യം. അത്തരക്കാരിൽനിന്നുണ്ടാകുന്ന ഉപദ്രവങ്ങൾ പോലും കഴിയുന്നത്ര ക്ഷമിക്കണം. പടുവിഡ്ഢികളാണെങ്കിൽ എന്തുകൊണ്ടാണ് നിങ്ങളവരോട് പ്രതികാരം ചെയ്തതെന്ന് അവർക്ക് മനസ്സിലാവില്ല. അതവരെ കൂടുതൽ ദ്രോഹികളാക്കിയേക്കും. ബുദ്ധിയുള്ള അവിവേകികളാണെങ്കിൽ നിങ്ങളുടെ പ്രതികാരത്തെ അവർക്കു ലഭിക്കുന്ന അംഗീകാരമായി കണ്ടേക്കും. അതവരെ കൂടുതൽ അവിവേകികളാക്കും. വിഡ്ഢികളോടും അവിവേകികളോടും അവരെ വിവേകത്തിലേക്ക് നയിക്കാനുതകുമെങ്കിൽ മാത്രമേ പ്രതികരിക്കാവൂ. അവിവേക നടപടികളോടുള്ള അവഗണന ഖുർആൻ ആവർത്തിച്ചനുശാസിച്ചിട്ടുള്ളതാണ്. വിജയം വരിക്കുന്ന വിശ്വാസികളുടെ ഗുണങ്ങൾ എണ്ണിപ്പറയുന്നിടത്ത് രണ്ടാമത്തെ ഗുണമായി എണ്ണുന്നത് കെടുകാര്യങ്ങളോടുള്ള അവഗണനയാണ്. ഒന്നാമത്തേത് ഭക്തിപൂർണമായ നമസ്കാരം.

قَدۡ أَفۡلَحَ ٱلۡمُؤۡمِنُونَ ١ ٱلَّذِينَ هُمۡ فِي صَلَاتِهِمۡ خَٰشِعُونَ ٢ وَٱلَّذِينَ هُمۡ عَنِ ٱللَّغۡوِ مُعۡرِضُونَ ٣

(തീർച്ചയായും വിശ്വാസികൾ വിജയിച്ചിരിക്കുന്നു. അവർ നമസ്കാരത്തിൽ ഭയഭക്തിയുള്ളവരാകുന്നു. കെടുകാര്യങ്ങളെ അവഗണിക്കുന്നവർ –23:1-3). സൂറഃ *അൽ ഫുർഖാൻ* 72-ാം സൂക്തത്തിൽ പറയുന്നു: وَإِذَا مَرُّواْ بِٱللَّغۡوِ مَرُّواْ كِرَامٗا (അവർ

കെടുകാര്യങ്ങൾക്കരികിലൂടെ കടന്നുപോകാനിടയായാൽ മാന്യന്മാരായി കടന്നുപോകുന്നു). സൂറഃ *അൽ ഖസ്വസ്വ്* 55-ാം സൂക്തത്തിൽ വിശ്വാസികളെ വർണിക്കുന്നു:

وَإِذَا سَمِعُواْ ٱللَّغْوَ أَعْرَضُواْ عَنْهُ وَقَالُواْ لَنَآ أَعْمَٰلُنَا وَلَكُمْ أَعْمَٰلُكُمْ سَلَٰمٌ عَلَيْكُمْ لَا نَبْتَغِى ٱلْجَٰهِلِينَ ﴿٥٥﴾

(കെടുവചനങ്ങൾ കേട്ടാൽ അവർ അവഗണിച്ചു പിന്തിരിഞ്ഞുപോകുന്നു. അവർ പറയും: ഞങ്ങൾക്ക് ഞങ്ങളുടേതായ ജോലിയുണ്ട്. നിങ്ങൾക്ക് നിങ്ങളുടെ ജോലിയും. നിങ്ങൾക്ക് സലാം. അവിവേകികളിൽനിന്ന് ഞങ്ങൾ ഒന്നും പ്രതീക്ഷിക്കുന്നില്ല). "അവിവേകികൾ സംസാരിക്കാൻ വന്നാൽ 'സലാം' പറഞ്ഞൊഴിയുന്നവർ" - وَإِذَا خَاطَبَهُمُ ٱلْجَٰهِلُونَ قَالُواْ سَلَٰمًا - എന്നും ഖുർആൻ (25:63) സത്യവിശ്വാസികളെ വിശേഷിപ്പിച്ചിട്ടുണ്ട്: മനുഷ്യൻ ചെയ്യുന്ന ഏറ്റവും വലിയ മൗഢ്യവും അവിവേകവുമാണ് അചേതനങ്ങളായ കല്ലുകളെയും മരങ്ങളെയും ദൈവങ്ങളായി ആരാധിക്കുന്നത്. സത്യവിശ്വാസികൾ അവഗണിച്ചു പിന്തിരിയേണ്ട ഒന്നാമത്തെ അവിവേകവും അതുതന്നെ.

അവിവേകികളായ മൂഢജനങ്ങളുടെ മര്യാദകെട്ടതും സംസ്കാരശൂന്യവുമായ നടപടികളെയും വർത്തമാനങ്ങളെയും വിട്ടുവീഴ്ചയോടെ അവഗണിക്കേണ്ടതെങ്ങനെ എന്ന് വ്യക്തമാക്കുന്ന ചില നിവേദനങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ട്. ബുഖാരി ഉദ്ധരിക്കുന്നു: അബ്ദുല്ലാഹിബ്നു അബ്ബാസ് പ്രസ്താവിച്ചു: "ഉയൈനഃതുബ്നു ഹിസ്ൻ എന്നയാൾ അയാളുടെ സഹോദരൻ ഹർറുബ്നു ഖൈസിന്റെ അതിഥിയായി ഒരിക്കൽ മദീനയിൽ വന്നു. ഉമറി(റ)ന്റെ അടുപ്പക്കാരിൽ ഒരാളായിരുന്നു ഹർറ്. ഉമറിന്റെ സഭയിലെ അംഗങ്ങളും ഉപദേശകരും, യുവാക്കളും മധ്യവയസ്കരുമായ ഖുർആൻ പണ്ഡിതന്മാരായിരുന്നു. ഉയൈനഃ സഹോദരനോടു പറഞ്ഞു: 'ഈ അമീറിന്റെ അടുത്ത് നല്ല സ്ഥാനമുണ്ടല്ലോ നിനക്ക്. അദ്ദേഹത്തെ സന്ദർശിക്കാൻ നീ എനിക്ക് അനുമതി വാങ്ങിത്തരണം.' ഹർറ് അത് സമ്മതിക്കുകയും ഉയൈനക്ക് ഉമറിന്റെ മുന്നിൽ ചെല്ലാൻ അനുമതി വാങ്ങിക്കൊടുക്കുകയും ചെയ്തു. ഉയൈനഃ ഉമറിന്റെ മുന്നിലെത്തിയപ്പോൾ പറഞ്ഞു: 'നിങ്ങൾ ഞങ്ങൾക്ക് വേണ്ടത്ര തന്നിട്ടില്ല. ഞങ്ങൾക്കിടയിൽ നീതിപൂർവം വിധിച്ചിട്ടുമില്ല.' ഇതുകേട്ട ഉമർ(റ) കോപിച്ചു. അദ്ദേഹം ഉയൈനയെ എന്തോ ചെയ്യാൻ തുനിഞ്ഞു. അപ്പോൾ ഹർറ് പറഞ്ഞു: 'ഓ, അമീറുൽ മുഅ്മിനീൻ. അല്ലാഹു അവന്റെ പ്രവാചകനോടു പറഞ്ഞു: *വിട്ടുവീഴ്ച കൈക്കൊള്ളുക, ധർമം കൽപിക്കുക. മൂഢന്മാരെ അവഗണിക്കുക.* ഇയാൾ ഒരു മൂഢനാണ്. അല്ലാഹുവാണ, ഹർറ് ഈ ഖുർആൻ വാക്യമോതിയതുകൊണ്ടാണ് ഉമർ അയാളോട് പൊറുത്തത്. അദ്ദേഹം അല്ലാഹുവിന്റെ വേദത്തെ ഒരിക്കലും മറികടക്കാറുണ്ടായിരുന്നില്ല." അലി(റ)യുടെ പുത്രൻ ഹസനുമായി ബന്ധപ്പെട്ടതാണ് മറ്റൊരു സംഭവം. ഒരിക്കൽ ഇസ്വാമുബ്നു മുസ്ത്വലഖ് എന്നയാൾ അദ്ദേഹത്തെ തന്തക്കു പറഞ്ഞു ശകാരിച്ചു. ഹസൻ അയാളെ കനിവും കാരുണ്യവുമൂറുന്ന ഒരു നോട്ടം നോക്കിയിട്ട് പറഞ്ഞു:

اعوذ باالله من الشيطان الرّجيم بسم الله الرّحمن الرّحيم خذ العفو وأمر بالعرف وأعرض عن الجاهلين

മുഹമ്മദ് നബി(സ) ഇസ്ലാമിന്റെ പ്രബോധകനാണ്. അതുകൊണ്ടാണ്, എല്ലാ വിശ്വാസികൾക്കുമുള്ള ഈ അടിസ്ഥാന നിർദേശങ്ങൾ പ്രവാചകനെ അഭിസംബോധന ചെയ്തുകൊണ്ട് അവതരിപ്പിക്കുന്നത്. പ്രബോധകരെ സംബന്ധിച്ചേടത്തോളം ഈ നിർദേശങ്ങൾക്ക് പ്രത്യേക പ്രാധാന്യമുണ്ടെന്ന് അതിൽനിന്ന് വ്യക്തമാകുന്നു. ധർമം കൽപിക്കൽ - **أمر بالعرف** - ആണ് പ്രബോധകരുടെ ദൗത്യം. അതു നടത്തേണ്ടത് ബലപ്രയോഗത്തിലൂടെയല്ല. വാശിയും കടുംപിടിത്തവും വിദ്വേഷവും പ്രബോധകന്റെ സ്വഭാവമായിക്കൂടാ. ആളുകളുടെ അജ്ഞതയെയും അവിവേകത്തെയും ശത്രുതയെയും ദ്രോഹങ്ങളെയും പരമാവധി ക്ഷമിക്കുകയും സഹിക്കുകയും വേണം. ഗുണകാംക്ഷയും സൗമനസ്യവും വിട്ടുവീഴ്ചയുമായിരിക്കണം അവരുടെ ആയുധം. ഈ ആയുധങ്ങൾ ദുർബലമായാൽ പ്രബോധനം അതിന്റെ ലക്ഷ്യത്തിൽനിന്നുതന്നെ തെറ്റിപ്പോകും. ഇസ്ലാമിക പ്രബോധനം ആരോപണ പ്രത്യാരോപണങ്ങളും അടിപിടികളും ക്രിമിനൽ കേസുകളുമായി മാറുന്നത് മിക്കപ്പോഴും പ്രബോധകർ ഇപ്പറഞ്ഞ ആയുധങ്ങൾ കൈയൊഴിക്കുന്നതുകൊണ്ടാണ്. ഇവിടെ പ്രബോധകർ അറിയാതെ അവരുടെ ലക്ഷ്യം ദീനിന്റെ സംസ്ഥാപനം എന്നതിൽനിന്ന്, വ്യക്തിപരമായ അല്ലെങ്കിൽ സംഘടനാപരമായ താൽപര്യങ്ങളുടെ സംരക്ഷണമായി മാറുന്നു. ഇതു ചെകുത്താന്റെ വിജയമാണ്. പക്ഷേ, അത് അവർക്ക് മനസ്സിലാവുകയില്ല.

ഇവിടെ അവിവേകികളെയും മൂഢന്മാരെയും അവഗണിക്കണമെന്ന് കൽപിച്ചത്, അത്തരക്കാർ എന്തെങ്കിലുമായിക്കൊള്ളട്ടെ പ്രബോധകർ അവരെ ശ്രദ്ധിക്കുകയേ വേണ്ടതില്ല എന്ന അർഥത്തിലല്ലെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. അത്തരക്കാരുടെ നടപടികളെ വിട്ടുവീഴ്ചയോടെ സമീപിക്കണം, അവരോട് അതേ നാണയത്തിൽ പ്രതികരിക്കരുത് എന്നാണ് അർഥം. അപ്പോഴും പ്രബോധിതർ എന്ന നിലക്ക് പ്രബോധകന് അവരോടുള്ള ബാധ്യത നിർവഹിക്കപ്പെടുക തന്നെവേണം. അതായത് പ്രബോധനം അത്തരക്കാരോടും തുടർന്നുകൊണ്ടിരിക്കണം. *സൂറഃ അന്നിസാഅ്* 63-ാം സൂക്തത്തിൽ അക്കാര്യം വ്യക്തമാക്കിക്കൊണ്ട് പറയുന്നു:

فَأَعْرِضْ عَنْهُمْ وَعِظْهُمْ وَقُل لَّهُمْ فِىٓ أَنفُسِهِمْ قَوْلًۢا بَلِيغًا

(നീ അവരെ അവഗണിക്കുക. എന്നാൽ അവരെ ഉപദേശിച്ചുകൊണ്ടിരിക്കണം. അവരുടെ മനസ്സിൽ തട്ടുംവണ്ണം അവരോട് സംസാരിക്കണം).

**200:** മുൻസൂക്തത്തിൽ നൽകിയ മൂന്നു അടിസ്ഥാന നിർദേശങ്ങൾ പാലിക്കുന്നതിൽനിന്ന് വിശ്വാസികളെ വ്യതിചലിപ്പിക്കുന്ന ശക്തി ചെകുത്താനാണ്. ചെകുത്താൻ എല്ലാ മനുഷ്യരോടൊപ്പവുമുണ്ട്. മലക്കുമുണ്ട് എല്ലാവരോടൊപ്പവും. നബി(സ) പറയുന്നു:

**إِنَّ لِلشَّيْطَانِ لَمَّةً بِابْنِ آدَمَ وَلِلْمَلَكِ لَمَّةً فَأَمَّا لَمَّةُ الشَّيْطَانِ فَإِيعَادٌ بِالشَّرِّ وَتَكْذِيبٌ بِالْحَقِّ وَأَمَّا لَمَّةُ الْمَلَكِ فَإِيعَادٌ بِالْخَيْرِ وَتَصْدِيقٌ بِالْحَقِّ فَمَنْ وَجَدَ ذَلِكَ فَلْيَعْلَمْ أَنَّهُ مِنَ اللَّهِ فَلْيَحْمَدِ اللَّهَ عَلَى ذَالِكَ وَمَنْ وَجَدَ الْأُخْرَى فَلْيَتَعَوَّذْ مِنَ الشَّيْطَانِ ثُمَّ قَرَأَ «الشَّيْطَانُ يَعِدُكُمُ الْفَقْرَ وَيَأْمُرُكُمْ بِالْفَحْشَاءِ».**

(ചെകുത്താന് മനുഷ്യപുത്രനിൽ ഒരു ബാധയുണ്ട്. മലക്കിനുമുണ്ടൊരു ബാധ. തിന്മയോടുള്ള പ്രചോദനവും സത്യത്തോടുള്ള നിഷേധവുമാണ് ചെകുത്താൻ ബാധ. നന്മയിലേക്കുള്ള പ്രചോദനവും സത്യത്തോടുള്ള ആഭിമുഖ്യവുമാണ് മലക്കിന്റെ ബാധ. അത് ലഭിക്കുന്നവൻ അത് അല്ലാഹുവിൽനിന്നുള്ളതാണെന്ന് മനസ്സിലാക്കുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യട്ടെ. മറ്റേത് ലഭിക്കുന്നവൻ അല്ലാഹുവിൽ ശരണം തേടിക്കൊള്ളട്ടെ). അനന്തരം തിരുമേനി 'ചെകുത്താൻ നിങ്ങളെ ദാരിദ്ര്യം ഭയപ്പെടുത്തുകയും ദുർവൃത്തികൾ കൽപിക്കുകയും ചെയ്യുന്നു' എന്ന ഖുർആൻവാക്യം ഓതുകയും ചെയ്തു. അല്ലാഹു ഓരോ മനുഷ്യന്റെയും പ്രകൃതിയിൽ ധർമബോധവും -تقوى- ദുഷ്പ്രവണതയും -فجور- നിക്ഷേപിച്ചിട്ടുണ്ട്. ചെകുത്താൻ ദുഷ്പ്രവണതകളെയും മലക്ക് ധർമബോധ

ത്തെയും ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു. നന്മയിലേക്കുള്ള പ്രചോദനം ലഭിക്കുമ്പോൾ അത് അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് മനസ്സിലാക്കി അവനെ സ്തുതിക്കുകയും ആ പ്രചോദനത്തെ പിന്തുടരുകയും ചെയ്യണം. തിന്മയിലേക്കുള്ള പ്രചോദനമുണ്ടാകുമ്പോൾ അത് പൈശാചികമെന്ന് മനസ്സിലാക്കി അതിൽനിന്നകന്നുനിൽക്കുകയും ചെയ്യുക. അസ്ഥാനത്ത് കോപമുണ്ടാകുന്നതും അനാവശ്യകാര്യങ്ങളിൽ താൽപര്യം ജനിക്കുന്നതും നിഷിദ്ധ സുഖങ്ങളിൽ മോഹമുദിക്കുന്നതുമൊക്കെ പൈശാചിക പ്രേരണകളാണ്. അവയെ അങ്ങനെ കാണാനായില്ലെങ്കിൽ വിശ്വാസികൾക്ക്, പ്രബോധകർക്ക് വിശേഷിച്ചും അവരുടെ ലക്ഷ്യത്തിലെത്തുക പ്രയാസകരമാകും.

മൂലത്തിലെ نزغ -നെയാണ് പ്രകോപനം എന്ന് തർജമ ചെയ്തിരിക്കുന്നത്. കുത്തുക, നടുക എന്നാണ് ഇതിന്റെ മൗലികമായ അർഥം. ഒന്നിനെ നശിപ്പിക്കാൻ അതിൽ മറ്റൊന്നുകടന്നുകൂടുക എന്നാണർഥമെന്ന് ഇമാം റാഗിബ് പറയുന്നു. ചെകുത്താന്റെ ക്രിയയെ ഉദ്ദേശിച്ചുകൊണ്ടല്ലാതെ വിരളമായേ ഈ പദം ഉപയോഗിക്കാറുള്ളൂ എന്ന് ഇബ്നു അത്വിയ്യ പ്രസ്താവിച്ചിരിക്കുന്നു. نزغ -ന്റെ ക്രിയാരൂപമാണ് **ينزغن**. മുൻചൊന്ന നിർദേശങ്ങൾ ലംഘിക്കാൻ തോന്നുമ്പോൾ അത് പൈശാചിക ദുർബോധനമായി മനസ്സിലാക്കി അല്ലാഹുവിൽ ശരണം തേടണമെന്നാണ് വചനതാൽപര്യം. അല്ലാഹുവിൽ ശരണം തേടുക - **استعاذة** - മാത്രമാണ് പിശാചിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം. ഖുർആൻ പാരായണം ചെയ്യുമ്പോൾ ഈ ശരണാർഥന കൽപിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

فَإِذَا قَرَأْتَ ٱلْقُرْءَانَ فَٱسْتَعِذْ بِٱللَّهِ مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ ﴿٩٨﴾ إِنَّهُۥ
لَيْسَ لَهُۥ سُلْطَٰنٌ عَلَى ٱلَّذِينَ ءَامَنُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٩٩﴾

(ഖുർആൻ പാരായണം ചെയ്യുമ്പോൾ അഭിശപ്തനായ ചെകുത്താന്റെ ദുർബോധനത്തിൽനിന്ന് അല്ലാഹുവിൽ ശരണം തേടുക. എന്തുകൊണ്ടെന്നാൽ സത്യത്തിൽ വിശ്വസിക്കുകയും തങ്ങളുടെ നാഥനിൽ സർവവും സമർപ്പിക്കുകയും ചെയ്തവരെ ചെകുത്താന് സ്വാധീനിക്കാനാവില്ല -16: 98,99). ദുഷ്ചിന്തകളുണരുമ്പോൾ ശരണാർഥന വാചാ തന്നെ നടത്തുകയാണ് ഉത്തമം. **اعوذ بالله من الشيطان الرّجيم** (അഭിശപ്തനായ ചെകുത്താനിൽനിന്ന് ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു) എന്നാണ് സുന്നത്തിനു നിർദേശിക്കപ്പെട്ട വാഗ്രൂപം. സൂക്തത്തിന്റെ إِنَّهُۥ سَمِيعٌ عَلِيمٌ (അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു) എന്ന സമാപനവാക്യം ശരണാർഥന വാഗ്രൂപത്തിൽ വേണമെന്ന് സൂചിപ്പിക്കുന്നതായി ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കേൾവി ശബ്ദവുമായും ശബ്ദം വാക്കുമായും ബന്ധപ്പെട്ടതാണല്ലോ.

■